## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണവകുപ്പ്- പാലക്കാട് ജില്ലാ പഞ്ചായത്ത് - വിളയൂർ - മൂർക്കനാട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന എടപ്പാലം - മൂർക്കനാട് പാലം & അപ്രോച്ച് റോഡ് നിർമ്മാണം - അധിക തുക അനുവദിയ്ക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (ഡി ബി) വകുപ്പ്

സ.ഉ(സാധ)നം.481 /14 / തസ്വഭവ തിരുവനന്തപുരം, തീയതി 20-2-2014

---

പരാമർശം:
1. പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 5-7-13 ലെ പി 2 / 2560 / 09 നമ്പർ കത്ത്
2. റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 4-7-13 ലെ ആർ.ബി.ഡിസി/ റ്റി47 / 1226 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 3-9-13, 22-11-13 തീയതികളിലെ ഡിബി3 / 7891 / 2013 / സി ഇ/ തസ്വഭവ നമ്പർ കത്തുകൾ.

### ഉത്തരവ്

പാലക്കാട് ജില്ലാ പഞ്ചായത്ത് ബി ആർ ജി എഫ് 2009-10, 2010-11 വർഷങ്ങളിലായി ഏറ്റെടുത്ത പാലക്കാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന എടപ്പാലം - മൂർക്കനാട് പാലം നിർമ്മാണ പ്രവൃത്തിക്ക് 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും. ടി പദ്ധതിയുടെ നിർവ്വഹണം ഏറ്റെടുത്ത ആർ.ബി.ഡി.സി.കെ ജില്ലാ പഞ്ചായത്തുമായി ധാരണ ഉടമ്പടി വയ്ക്കുകയും 28-2-11ന് എഗ്രിമെൻറ് വച്ച് പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി നിർവഹണം നടന്നു വരവെ പാലത്തിൻെറ അലൈൻമെൻറ് സ്കെച്ച് പ്രകാരം ലഭിക്കേണ്ട അപ്രോച്ച് റോഡിനുള്ള സ്ഥലം നിശ്ചിത സമയത്ത് ലഭിക്കാതെ വന്നതു കാരണം എഗ്രിമെൻറ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തിയിൽ 88,06.097/- (എൺപ്പത്തിയെട്ടു ലക്ഷത്തി ആറായിരത്തി തൊണ്ണൂറ്റി ഏഴ്) രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും .കുടാതെ അഡീഷണൽ ആയി ചെയ്യേണ്ടി വന്ന പ്രവൃത്തിയും ഏജൻസി ചാർജ് ഉൾപ്പെടെ ആകെ 11.52.27.205/- (പതിനൊന്ന് കോടി അൻപത്തി രണ്ടു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുനൂറ്റി അഞ്ച്) രൂപ അനുവദിക്കണമെന്ന് ആർ ബി ഡിസി കെ ആവശ്യപ്പെട്ട സാഹചര്യത്തിൽ അധിക നിരക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവുണ്ടാകണമെന്ന് പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിൻെറ അടിസ്ഥാനത്തിൽ എടപ്പാലം - മൂർക്കനാട് പാലം നിർമ്മാണ പ്രവൃത്തിക്ക് ആർ ബി ഡി സി കെ ആവശ്യപ്പെടുന്ന അധിക തുകയായ 1,52,27,205/- (ഒരു കോടി അമ്പത്തി രണ്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഇരുനൂറ്റി അഞ്ച്) രൂപ അനുവദിക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് ആകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജൻ കോബ്രഗഡെ**
ഗവൺമെന്റ് സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ &ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽ ബി എ & എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്.
മാനേജിംഗ് ഡയറക്ടർ, റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ, കേരള ലിമിറ്റഡ്. സെക്കൻറ് ഫ്ളോർ, പ്രീതി ബിൽഡിംഗ്, എം.പി റോഡ് പാലാരിവട്ടം, കൊച്ചി.
എക്സി. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം (തദ്ദേശ സ്വയം ഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ